# കുസൃതിക്കുടുക്കകളോട് സ്നേഹപൂർവം...

'കള്ളിക്കാക്ക'
ചിറകു വിടർത്തുകയാണ്.
പൂക്കളും പൂമ്പാറ്റകളും കുഞ്ഞാറ്റക്കിളികളുമുള്ള
സുന്ദരമായ ഭാവനാ ലോകത്തേക്ക്.
കണ്ണും കാതും മനസ്സും തുറന്നുവെച്ച്
നിങ്ങൾക്കും അവളോടൊപ്പം ചിറകടിക്കാം.....
പുള്ളിച്ചിറകു വിരിച്ച പൂമ്പാറ്റപ്പെണ്ണിനോടും
കൊഞ്ചിക്കുഴയുന്ന ഇളംകാറ്റിനോടും  കൂട്ടുകൂടാം.
ആകാശം തലയിൽ ചൂടിയ
മഴവിൽക്കാവടി തൊട്ടുനോക്കാം.
അമ്പിളിയമ്മാവനോട് കിന്നാരം പറയാം.
നക്ഷത്രപ്പൂക്കൾ പെറുക്കിക്കൂട്ടാം. .

'കള്ളിക്കാക്ക' പാടിത്തുടങ്ങുകയായി.
കൊച്ചു കൊച്ചു കാര്യങ്ങളെക്കുറിച്ച്.
ഒപ്പം, ഓരോന്നിനു പിന്നിലുമുള്ള
വലിയ സത്യങ്ങളെക്കുറിച്ച്.
അനന്തമായ ഈ മഹാ പ്രപഞ്ചത്തിലെ
ഓരോ അണുവിലും
അളവറ്റ വിസ്മയങ്ങൾ
സർവശക്തനായ ദൈവം ഒരുക്കിവെച്ചിട്ടുണ്ട്.
അവയ്ക്കു നേരെ അകക്കണ്ണു തുറക്കാൻ
ഈ കവിതകൾ നിങ്ങൾക്കു പ്രചോദനമായാൽ
ഞാൻ കൃതാർത്ഥനായി...
ഇനി 'കള്ളിക്കാക്ക' സംസാരിക്കട്ടെ,
അവളെ പ്രിയതോഴിയായി
സ്വീകരിക്കണമെന്ന അപേക്ഷയോടെ

നിങ്ങളുടെ സ്വന്തം

**സി.ടി. ഇസ്മായിൽ**